**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **11-09-2023 - ൽ മറുപടിയ്ക്ക്**

**ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പ്രധാന പാതകളിൽ ലെവൽ ക്രോസില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 99 റെയിൽവെ മേൽപാലങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 72 എണ്ണത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ. യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ നും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം ഒന്നിച്ച് പുരോഗമിക്കുന്നത്. ആർ.ബി.ഡി.സി.കെ.യ്ക്ക് നിർമ്മാണ ചുമതലയുള്ള മേൽപ്പാലങ്ങളിൽ കാഞ്ഞങ്ങാട് ആർ.ഒ.ബി. പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു. കൂടാതെ 12 ആർ.ഒ.ബി.കളുടെ നിർമ്മാണം നടന്നുവരുന്നു. ഒരു മേൽപ്പാലത്തിന്റെ ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. 21 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 8 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ GAD റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. സിൽവർ ലൈനുമായി ബന്ധപ്പെട്ടു കിടന്നിരുന്ന 15 ആർ.ഒ.ബി.കളുടെ GAD പുതുക്കി റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ഒരു ROB കിഫ്ബിയുടെ പരിഗണനയിലാണ്. 7 ROB-കളുടെ അലൈൻമെന്റിൽ തീരുമാനമെടുത്തു വരുന്നു. എറണാകുളത്തിനും ഷൊർണ്ണൂറിനും ഇടയ്ക്കുള്ള റെയിൽവേയുടെ മൂന്നാമത്തെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് തീരുമാനമാകാത്തതിനാൽ ആറ് |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്. <br><br> കെ.ആർ.ഡി.സി.എൽ ന് നിർമ്മാണ ചുമതലയുള്ള മേൽപ്പാലങ്ങളിൽ 3 എണ്ണത്തിനു ഭരണാനുമതി ലഭിക്കുകയും എൽ സി 12 ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് ആർ.ഒ.ബി കളുടെയെല്ലാം ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്ന മുറയ്ക്ക് നിർമ്മാണണപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാൻ സാധിക്കും. |
| (ബി) | പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കാനായി എത്രത്തോളം മേൽപ്പാലങ്ങൾ നിർമ്മിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; അറിയിക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | കിഫ്ബി വഴി നിർമ്മിക്കാനുദ്ദേശിക്കുന്ന മേൽപ്പാലങ്ങളുടെ വിശദാംശം നൽകാമോ; | (സി) | ആർ.ബി.ഡി.സി.കെ. യ്ക്ക് നിർമ്മാണ ചുമതലയുള്ള 67 പാലങ്ങൾ കിഫ്ബി ഫണ്ട് മുഖേനെയാണ് നടപ്പാക്കുന്നത്. ഇവയിൽ 9 ആർ.ഒ.ബി. കളുടെ നിർമ്മാണം നടന്നുവരുന്നു. ഒരു ആർ.ഒ.ബി.യുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. 20 ആർ.ഒ.ബി.കളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. സിൽവർ ലൈനുമായി ബന്ധപ്പെട്ട് കിടന്നിരുന്ന 15 ആർ.ഒ.ബി.കളുടെ ജി.എ.ഡി. പുതുക്കി റെയിൽവേ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തികൾ നടന്നു വരികയാണ്. 8 ആർ.ഒ.ബി.കളുടെ ജി.എ.ഡി റെയിൽവേ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഒരു ആർ.ഒ.ബി. കിഫ്ബിയുടെ പരിഗണനയിലാണ്. 7 ആർ.ഒ.ബി. കളുടെ അലൈൻമെന്റിൽ തീരുമാനമെടുത്തു വരുന്നു. എറണാകുളത്തിനും ഷൊർണ്ണൂറിനും ഇടയ്ക്കുള്ള റെയിൽവേയുടെ മൂന്നാമത്തെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് തീരുമാനമാകാത്തതിനാൽ ആറ് പദ്ധതികൾ താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്. |
| (ഡി) | കെ.ആർ.ഡി.സി.എൽ. വഴി നിർമ്മിക്കാനുദ്ദേശിക്കുന്ന മേൽപ്പാലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | കെ.ആർ.ഡി.സി.എൽ. വഴി നിർമ്മിക്കാനുദ്ദേശിക്കുന്ന 27 മേൽപ്പാലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. <br><br> പ്രസ്തുത ആർ.ഒ.ബി കളിൽ 3 എണ്ണത്തിന് നിർമ്മാണത്തിനുള്ള ഭരണാനുമതിയും 22 എണ്ണത്തിന് ഭൂമി ഏറ്റെടുക്കലിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ടിൽ ഉൾപ്പെട്ട് വരുന്ന KRFB യ്ക്ക് കൈമാറിയ 2 ROBകൾ (LC 240 & LC 244) KRDCL ന് തന്നെ തിരികെ നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. |
| (ഇ) | ഇതിൽ എത്ര മേൽപ്പാലങ്ങൾക്ക് ഭരണാനുമതി | (ഇ) | (ഡി) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

# List of Over Bridges entrusted to KRDCL for Construction

| SL No. | LC No | Between Railway Stations | Road under (District) | LOCAL NAME |
|---|---|---|---|---|
| 1 | 36 | Puthukad -Irinjalakuda (SRR-ERS) Km.56/00-100 | PWD (Thrissur) | Palli Gate |
| 2 | 12 (RUB) | Nilambur Yard (SRR- NIL)Km.65/600-700 | PWD (Malappuram) | Nilambur Yard Gate |
| 3 | 164 | Parali-Mankara (PTJ - SRR) Km.59/100-200 | PWD (Palakkad) | Mankara Gate |
| 4 | 23 | Kurupanthara-Ettumanoor (ERS-KTYM)Km. 42/8-9 | PWD (Kottayam) | Kothanalloor Gate |
| 5 | 53 | Karunagappally-Sasthamkotta (KYJ- QLN)Km. 128/9-10 | PWD (Kollam) | Idakulangara Gate |
| 6 | 545 | Kollam- Mayyanad (QLN- TVC)Km.157/15-158/1 | Corporation (Kollam) | Polayathod Gate |
| 7 | 262 | Payyanur-Trikkaripur (KAN - MAN)Km.789/500-600 | LSGD, PWD (Kasaragod) | Olavara Gate |
| 8 | 259 | Payangadi-Payyannur 782/200-300 | PWD (Kannur) | Ezhimala Gate |
| 9 | 149 | Cheppad-Kayamkulam (ERS-ALP-KYJ) Km.98/5-6 | PWD (Alappuzha) | Kakkanadu Gate |
| 10 | 42 | Kayamkulam-Ochira (KYJ-QLN) KM.120/00-100 | PWD (Kollam )<br>PWD ( Alappuzha) | Thamarakulam gate |
| 11 | 288 | Uppala-Manjeswar (KAN - MAN)Km.863/00-100 | LSGD (Kasaragod) | Uppala Gate |
| 12 | 187 (RUB) | Kozhikode-Kannur (CLT - KAN)Km.667/ 100-200 | Corporation (Kozhikode) | Vellayil Gate |
| 13 | 264 | Payyannur -Trikkaripur (KAN - MAN)Km.791/500-600 | LSGD (Kasaragod) | South Thrikaripur Gate |
| 14 | 115 | Ambalapuzha-Haripad (ERS-ALP-KYJ KM.85/00-100) | PWD (Alappuzha) | Thripakudam Gate |
| 15 | 225 | Mahe-Thalassery (CLT- KAN)Km.729/ 600-700 | PWD (Kannur) | Makutam Gate |
| 16 | 27 | Ollur-Puthukkad (SRR-ERS)Km.41/14-15 | PWD (Thrissur) | Ollur Gate |
| 17 | 15 | Mulangunnathukavu-Punkunnam (SRR-ERS) Km 25/05-06 | PWD (Thrissur) | Attor Gate |
| 18 | 6 | Shoranur-Angadipuram (SRR- NIL)Km.21/100-200 | PWD (Malappuram) | Cherukara Gate |
| 19 | 8 | Angadipuram-Vaniyambalam (SRR- NIL)Km.32/900-33/00 | PWD (Malappuram) | Pattikkad Gate |
| 20 | 570 | Kadakaur-Murukkumpuzha (QLN- TVC) Km. 193/800-900 | PWD Thiruvananthapuram ) | Azhoor Gate |
| 21 | 173 | Thanur-Parappanangadi (SRR- CLT)Km.637/ 600-700 | PWD (Malappuram) | Chiramangalam Gate |

അനുബന്ധം

| | | | | |
|---|---|---|---|---|
| 22 | 1 | Shoranur-Vallathol nagar (SRR-ERS)Km 1/800-850 | PWD (Thrissur) | Painkulam gate Chelakkara gate |
| 23 | 252 | Pappinisseri-Kannapuram (KAN - MAN)Km.767/400-500 | PWD (Kannur) | Kannapuram Gate |
| 24 | 253 | Kannapuram- Payangadi (KAN - MAN) Km.769/00-100 | PWD (Kannur) | Cherukunnu Gate |
| 25 | 234 | Thalassery-Ettakot (CLT - KAN)Km.740/ 300-400 | LSGD (Kannur) | Muzhupilangadu beach Gate |
| 26 | 240 | Ettakot-Kannur (CLT - KAN)Km.749/700-800 | KRFB Road (Kannur) | Kannur South Gate |
| 27 | 244 | Kannur-Valapattanam (KAN-MAN)Km.755/800-900 | KRFB Road (Kannur) | Pannanpara Gate |